**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2905** **10-03-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ കൃഷിക്കും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പല ഭാഗത്തുമുളള ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മൺകനാലിന്റെ പൂർണ്ണമായ നവീകരണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളുടെയും കനാൽ സ്ട്രക്ചറുകളുടെയും പുനരുദ്ധാരണത്തിനായി Tranche XXX -ൽ 175 കോടി രൂപയുടെ 168 പ്രവൃത്തികൾ അംഗീകാരം ലഭിക്കുന്നതിനായി നബാർഡിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് Tranche XXX- ൽ പരിഗണിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ Tranche XXXI -ൽ ഉൾപ്പെടുത്തുവാനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I ന് നിർദ്ദേശം നൽകുകയും ആയതിന്മേൽ നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു.<br><br>കൂടാതെ 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കാഡ സ്കീമിൽ ഉൾപ്പെടുത്തി കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഫീൽഡ് ബോത്തികളുടെ പുനരുദ്ധാരണത്തിന് 155 ലക്ഷം രൂപയുടെ 21 പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. മേൽ പ്രവൃത്തികളെല്ലാം നടപ്പിലാക്കിയാലും 603 കിലോമീറ്റർ വരുന്ന കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലയുടെ ഭാഗികമായ നവീകരണം മാത്രമേ സാധ്യമാവുകയുള്ളൂ. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കനാലുകളുടെ നവീകരണത്തിന് എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളുടെ നവീകരണത്തിന് പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിലായി 36,50,16,779/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ